**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5025 15.11.2019 ലെ മറുപടിക്ക്**

**<u>ആർ.സി.ഇ.പി വ്യാപാരക്കരാർ സംബന്ധിച്ച പഠനം</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റ്റി.വി.രാജേഷ് | ശ്രീ.വി.എസ് സുനിൽകുമാർ<br>കൃഷി വകുപ്പ് മന്ത്രി |
| ആർ.സി.ഇ.പി. വ്യാപാരക്കരാർ സംസ്ഥാനത്തെ കാർഷിക മേഖലയെ എങ്ങനെയെല്ലാമാണ് പ്രതികൂലമായി ബാധിക്കുന്നത് എന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ ? | ഒരുവിധ നിയന്ത്രണവും നികുതിയുമില്ലാതെ ആർ.സി.ഇ.പി കരാറിലെ പങ്കാളിത്ത രാജ്യങ്ങളിൽ നിന്ന് ഇന്ത്യയിലേയ്ക്ക് ഉൽപ്പന്നങ്ങളും സേവനങ്ങളും ഒഴുകി വന്നാൽ നമ്മുടെ കാർഷിക, ചെറുകിട വ്യവസായ, ക്ഷീര, മത്സ്യബന്ധന, ആരോഗ്യ, തോട്ടം മേഖലകൾ വലിയ തകർച്ചയെ നേരിടേണ്ടി വരും. ഭയാനകമായ തൊഴിൽ നഷ്ടവും സാമ്പത്തികവും സാമൂഹികവുമായ പ്രതിസന്ധിയും ആയിരിക്കും ഈ കരാറിന്റെ ഫലം.<br>ആർ.സി.ഇ.പി യുടെ ഭാഗമായി വരുന്ന അനിയന്ത്രിതമായ കാർഷികോൽപ്പന്ന ഇറക്കുമതി ആഭ്യന്തര കാർഷിക മേഖലയ്ക്ക് വെല്ലുവിളിയാകുമെന്ന് ഉറപ്പാണ്. കർഷകർ കടുത്ത മൽസരത്തെയും വൻ വില തകർച്ചയേയും നേരിടേണ്ടി വരും.<br>ന്യൂസിലാന്റ്, ഓസ്ട്രേലിയ എന്നീ വലിയ ക്ഷീരോൽപ്പാദക രാജ്യങ്ങൾ പങ്കാളികളാകുന്ന കരാർ ക്ഷീര മേഖലയിൽ വലിയ പ്രത്യാഘാതം സൃഷ്ടിക്കും. അനിയന്ത്രിതമായ പാൽ, പാൽ ഉൽപ്പന്ന ഇറക്കുമതി ക്ഷീര മേഖലയിൽ ഗുരുതരമായ പ്രതിസന്ധി ഉണ്ടാക്കും.<br>ലോകത്തിൽ ഏറ്റവും ഉയർന്ന വ്യാവസായിക വളർച്ച നേടിയ രാജ്യമാണ് ചൈന. കൂടുതൽ ചൈനീസ് ഉൽപ്പന്നങ്ങൾ ഒരു നിയന്ത്രണവും ഇല്ലാതെ ഈ കരാറിന്റെ ആനുകൂല്യത്തിൽ ഇന്ത്യയിൽ എത്തുമ്പോൾ ഇന്ത്യൻ വ്യവസായ |

| | |
|---|---|
| | മേഖല, പ്രത്യേകിച്ച് ചെറുകിട വ്യവസായങ്ങൾ തകർച്ചയിലാകും.<br>കരാറിന്റെ ഭാഗമാകുന്ന ജപ്പാൻ ആവശ്യപ്പെട്ടിരിക്കുന്ന നിർദ്ദേശങ്ങൾ നടപ്പാക്കിയാൽ ഇന്ത്യയിൽ മരുന്ന് ഉൽപ്പാദന മേഖലയിലും വിത്തുൽപ്പാദന രംഗത്തും അവശ്യ സാധനമേഖലയിലും അനിയന്ത്രിത വിലക്കയറ്റം ഉണ്ടാകും.<br>ആസിയാൻ രാജ്യങ്ങളും ചൈനയും ജപ്പാനും ഇന്ത്യയുടെ മത്സ്യബന്ധന മേഖലയിൽ വമ്പൻ നിക്ഷേപങ്ങൾ നടത്തുന്ന സാഹചര്യം ഉണ്ടായാൽ അവരുടെ സമുദ്രോൽപ്പന്നങ്ങൾ ഇന്ത്യൻ കമ്പോളത്തിൽ ഒരു നിയന്ത്രണവും ഇറക്കുമതി ചുങ്കവും ഇല്ലാതെ യഥേഷ്ടം തള്ളുന്നതിന് ഇടയാക്കും. |

ഡെപ്യൂട്ടി സെക്രട്ടറി